**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5074** **14-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2017-18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ വീതം അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് ഹൈസ്കൂൾ, തെക്കുംഭാഗം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2017 – 18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ വീതം അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് ഹൈസ്കൂളിന്റെ ഡിപിആർ തയ്യാറാക്കി പുതുക്കിയ ഡിഎസ്ആർ/ജി എസ് ടി നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.<br><br>പരവൂർ തെക്കുംഭാഗം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കിയിരുന്നു. കെട്ടിട നിർമ്മാണ ചട്ടലംഘനം (KMBR Violation) ഉള്ളതായി റിപ്പോർട്ട് ചെയ്തത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂൾ, നെടുങ്ങോലം ഗവൺമെന്റ് ഹൈസ്കൂൾ, കോയിപ്പാട് ഗവൺമെന്റ് എൽ.പി. സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി കിഫ്ബി പദ്ധതിയിൽ അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂൾ, നെടുങ്ങോലം ഗവ. ഹൈസ്കൂൾ എന്നീ സ്കൂളുകളുടെ പ്രൊപ്പോസലിൽ ഭേദഗതി വരുത്തേണ്ടതായി വന്നു. സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.<br><br>കോയിപ്പാട് ഗവ.എൽ.പി.എസ് സ്കൂളിന്റെ നിർമ്മാണത്തിനുള്ള ഡിപിആർ തയ്യാറാക്കി വരുന്നു. |
| (സി) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ഭൂതക്കുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പുതിയ അഞ്ച് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് കാലതാമസം വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ഭൂതക്കുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച നിർമ്മാണപ്രവർത്തനങ്ങൾ എസ്.പി.വി.യായ കൈറ്റ് പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണത്തിന് കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ